മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ഗ്രീൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം പരിശീലനം തുടങ്ങി

**കോയമ്പത്തൂർ** ► കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലുള്ള ഗ്രീൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ തുടക്കമായി.

ഉന്നത ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെ ഉത്പാദനത്തിലാണ് ഒരുമാസം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനം. പത്താം ക്ലാസ് വരെ പഠിച്ച തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അംഗീകൃത നഴ്സറികളിൽ ജോലിക്ക് മുൻഗണന ലഭിക്കുന്നതുമാണ് പരിശീലന പരിപാടി.

ഡയറക്ടർ ഡോ. എസ്. മുരുകേശൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കണ്ണൻ സി.എസ്. വാര്യരുടെ നേതൃത്വത്തിലാണ് പരിശീലനം. 64 പേർക്ക് പരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സ്വന്തമായി നഴ്സറി തുടങ്ങാം.

ടിഷ്യു കൾച്ചർ, മരത്തിലെ കീടബാധ നിയന്ത്രണം എന്നിവയാണ് പരിശീലന വിഷയം.

162. News in Mathrubhumi, Palakkad, 13.02.2020, Green Skill Development Programme by IFGTB ENVIS.